**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1924** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഡീസൽ ബസുകൾക്ക് മുൻഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് ബസുകൾക്ക് പകരം ഡീസൽ ബസുകൾക്ക് മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | നിലവിൽ തീരുമാനിച്ചിട്ടില്ല. |
| (ബി) | എങ്കിൽ അപ്രകാരം തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ; | (ബി) | നിലവിൽ തീരുമാനിച്ചിട്ടില്ല. |
| (സി) | ഇലക്ട്രിക് ബസുകൾ നഷ്ടമാണെന്ന് കെ.എസ്.ആർ.ടി.സി. കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ നിന്നും നിലവിൽ ലഭ്യമാക്കിയ വരവ് ചെലവ് കണക്കിൽ വരുമാനവും പ്രവർത്തന ചെലവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഓരോ ബസ്സിന്റെയും ഒരു നിശ്ചിത കാലയളവിലുള്ള ഓരോ ദിവസത്തെയും വരുമാനം, ചെലവ് എന്നിവ സംബന്ധിച്ചും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം ലഭ്യമായ ബസ്സുകളായതിനാൽ മൂലധന ചെലവ് കണക്കാക്കാത്തതും, കിഫ്ബി വായ്പയ്ക്ക് രണ്ട് വർഷം മോറട്ടോറിയം ഉള്ളതിനാൽ വായ്പ തിരിച്ചടവ് ആരംഭിച്ചിട്ടില്ല എന്നതിനാലും, ടി കണക്കുകൾ കൂടി ഉൾപ്പെടുത്തി വിശകലം നടത്തിയെങ്കിൽ മാത്രമേ ലാഭ നഷ്ടങ്ങൾ വിലയിരുത്താൻ സാധിയ്ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ